# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 13.06.2025**

### പ്രധാനവാർത്തകൾ

1) കരളലിയിപ്പിക്കുന്ന ദുരന്തമാണ് അഹമ്മദാബാദിൽ നടന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വിമാനാപകടം നടന്ന സ്ഥലത്തെത്തിയ പ്രധാനമന്ത്രി ദുരന്തസാഹചര്യം വിലയിരുത്തി.

2) അപകടത്തിൻറെ കാരണം കണ്ടെത്തുന്നതിനുള്ള അന്വേഷണങ്ങൾ പുരോഗമിക്കുന്നു.
   വിമാനത്തിൻറെ ഡിജിറ്റൽ വീഡിയോ റെക്കോർഡറും, ബ്ലാക്ക്ബോക്സും വീണ്ടെടുത്തു.

3) നിലമ്പൂരിൽ ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ. മുതിർന്ന നേതാക്കളടക്കം പ്രചാരണ രംഗത്ത് സജീവം.

4) സംസ്ഥാനത്ത് അടുത്ത 5 ദിവസം കനത്ത മഴയ്ക്ക് സാധ്യത. കോട്ടയം മുതൽ കാസർഗോഡ് വരെയുള്ള 10 ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

5) മിഥുനമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട നാളെ തുറക്കും.

******************

RNU TVPM

<u>പ്രധാനമന്ത്രി</u>

വാക്കുകൾക്ക് അതീതമായ ദുരന്തമാണ് അഹമ്മദാബാദിലുണ്ടായതെന്നും, കരളലിയിപ്പിക്കുന്ന കാഴ്ചകളാണ് അപകടസ്ഥലത്ത് കണ്ടതെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. വിമാനാപകടം നടന്ന സ്ഥലത്തെത്തി അദ്ദേഹം ഇന്ന് ദുരന്തസാഹചര്യം നേരിട്ട് വിലയിരുത്തി. അപകടത്തെ അതിജീവിച്ച ഏക വിമാനയാത്രികനായ വിശ്വാസ് കുമാർ രമേശടക്കം പരിക്കേറ്റ് ചികിത്സയിലുള്ളവരെയും പ്രധാനമന്ത്രി ആശുപത്രിയിൽ സന്ദർശിച്ചു. വിമാനാപകടത്തിൽ മരിച്ച ഗുജറാത്ത് മുൻ മുഖ്യമന്ത്രി വിജയ് രൂപാണിയുടെ കുടുംബത്തെ അദ്ദേഹം നേരിൽക്കണ്ട് ആശ്വസിപ്പിച്ചു. പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ അഹമ്മദാബാദിൽ ഉന്നതതലയോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. വിമാനയാത്രക്കാരും ജീവനക്കാരും ഉൾപ്പടെ 241 പേർ ദുരന്തത്തിൽ മരിച്ചതായി എയർ ഇന്ത്യ സ്ഥിരീകരിച്ചിരുന്നു. അഹമ്മദാബാദിൽ നിന്ന് ലണ്ടനിലേക്ക് പോവുകയായിരുന്ന എയർ ഇന്ത്യ വിമാനമാണ് ഇന്നലെ ഉച്ചയോടെ പറന്നുയർന്ന് നിമിഷങ്ങൾക്കകം താഴെവീണ് തകർന്നത്. അഹമ്മദാബാദിലെ ബി ജെ മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ ഹോസ്റ്റൽ കെട്ടിടത്തിലേക്കാണ് വിമാനം പതിച്ചത്. എംബിബിഎസ് വിദ്യാർത്ഥികളടക്കം ഇവിടെയുണ്ടായിരുന്ന ഇരുപതിലേറെ പേർക്കും ജീവൻ നഷ്ടമായി. അഹമ്മദാബാദ് സിവിൽ ആശുപത്രിയിൽ പരുക്കേറ്റ് ചികിത്സയിലുള്ള 32 പേരിൽ ചിലരുടെ നില ഗുരുതരമാണ്. വിമാനാപകടത്തിൽ മരിച്ചവരെ തിരിച്ചറിയുന്നതിനായി 200 ഓളം ഡിഎൻഎ സാമ്പിളുകൾ ശേഖരിച്ചു. തിരിച്ചറിഞ്ഞ ഏഴിലധികം മൃതദേഹങ്ങൾ ബന്ധുക്കൾക്ക് കൈമാറി.

******************

RMUTVPM

## വിമാനാപകടം

അപകടത്തിൽപ്പെട്ട വിമാനത്തിൻറെ ഡിജിറ്റൽ വീഡിയോ റെക്കോർഡർ അപകടസ്ഥലത്തു നിന്നും കണ്ടെത്തി. ബ്ലാക്ക് ബോക്സും, ഡിജിറ്റൽ ഫ്ലൈറ്റ് ഡാറ്റ റെക്കോഡറും അപകടസ്ഥലത്തുനിന്നും വീണ്ടെടുത്തിട്ടുണ്ട്. അപകടത്തിൻറെ കാരണം കണ്ടെത്തുന്നതിനുള്ള അന്വേഷണങ്ങൾ പുരോഗമിക്കുകയാണ്. സംഭവസ്ഥലത്ത് വിവിധ സുരക്ഷാ ഏജൻസികളുടെ നേതൃത്വത്തിൽ തിരച്ചിലും തുടരുന്നു. ഫോറൻസിക് വിദഗ്ധരും ഇവിടെയെത്തിയിട്ടുണ്ട്. ബോയിങ്ങ് 787-8/7 വിമാനങ്ങളിൽ പ്രത്യേക സുരക്ഷാ പരിശോധന നടത്താൻ ഡിജിസിഎ എയർ ഇന്ത്യയ്ക്ക് നിർദ്ദേശം നൽകി.

******************

## രഞ്ജിത-വിമാനാപകടം

അഹമ്മദാബാദ് വിമാനാപകടത്തിൽ മരിച്ച പത്തനംതിട്ട പുല്ലാട് സ്വദേശി രഞ്ജിത ഗോപകുമാരൻ നായരുടെ മൃതദേഹം നാട്ടിലെത്തിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി, മന്ത്രി വീണാജോർജ്, കെ.യു ജനീഷ് കുമാർ എംഎൽഎ, ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ തുടങ്ങി രാഷ്ട്രീയ സാമൂഹിക രംഗങ്ങളിലെ നിരവധിപ്പേർ രഞ്ജിതയുടെ വീട്ടിലെത്തി കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ചു. മൃതദേഹം നാട്ടിലെത്തിക്കാനുള്ള നടപടികൾ വേഗത്തിലാക്കുമെന്ന് മന്ത്രിമാർ ഉറപ്പുനൽകി. മൃതദേഹം വിട്ടുകിട്ടുന്നതിനുള്ള നടപടിക്രമങ്ങളുടെ ഭാഗമായി രഞ്ജിതയുടെ സഹോദരൻ ഗുജറാത്തിൽ എത്തി ഡി.എൻ.എ സാമ്പിൾ നൽകും.

******************

## സസ്പെൻഷൻ-തഹസിൽദാർ

വിമാന അപകടത്തിൽ മരിച്ച രഞ്ജിതയെ അപകീർത്തിപ്പെടുത്തുന്ന തരത്തിൽ സമൂഹ മാധ്യമത്തിൽ

RNUTVPM

പോസ്റ്റിട്ട വെള്ളരിക്കുണ്ട് താലൂക്കിലെ ജൂനിയർ സൂപ്രണ്ട് എ.പവിത്രനെ സസ്പെൻഡ് ചെയ്തതായി റവന്യൂ മന്ത്രി കെ.രാജൻ. ഇയാളെ കൂടുതൽ ചോദ്യം ചെയ്യലിനായി പോലീസ് കസ്റ്റഡിയിലെടുത്തു. മുമ്പും പലതവണ സമൂഹ മാധ്യമത്തിൽ അപകീർത്തികരമായ സന്ദേശങ്ങൾ പ്രചരിപ്പിച്ചതിന് ഇയാൾക്ക് താക്കീത് നൽകിയിരുന്നു.

******************

## നിലമ്പൂർ -തെരഞ്ഞെടുപ്പ് (ഇൻട്രോ)

പരസ്യപ്രചാരണം അവസാനിക്കാൻ നാല് നാൾ മാത്രം ബാക്കി നിൽക്കെ നിലമ്പൂരിൽ പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ. മുതിർന്ന നേതാക്കളെയടക്കം മണ്ഡലത്തിലെത്തിച്ചുള്ള സജീവ പ്രചാരണമാണ് ഇവിടെ മുന്നേറുന്നത്. ഈ മാസം 19 നാണ് നിലമ്പൂരിൽ വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന് നടക്കും.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു.
(വോയ്സ്)

RNU TVPM

******************

## കപ്പൽ അപകടം-ഹൈക്കോടതി

കോഴിക്കോട് തീരത്തിന് സമീപമുണ്ടായ കപ്പൽ അപകടത്തിന്റെ പശ്ചാത്തലത്തിൽ സമുദ്ര ആവാസവ്യവസ്ഥയ്ക്കുണ്ടാകാവുന്ന നാശനഷ്ടങ്ങൾ സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഹൈക്കോടതി. . 2017 ലെ അഡ്മിറാൽറ്റി ആക്ട് പ്രകാരം സംസ്ഥാനത്തിന് ജില്ലാ കളക്ടറോട് കേസ് ഫയൽ ചെയ്യാൻ നിർദ്ദേശിക്കാമെന്നും, പരിസ്ഥിതിക്കും, തീരപ്രദേശത്തിനും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഈ നിയമപ്രകാരം നഷ്ടപരിഹാരം ആവശ്യപ്പെടാമെന്നും കോടതി വ്യക്തമാക്കി.

******************

## മഴ

സംസ്ഥാനത്ത് അടുത്ത 5 ദിവസം കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കോട്ടയം മുതൽ കാസർഗോഡ് വരെയുള്ള 10 ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും, നാലിടത്ത് മഞ്ഞ ജാഗ്രതയുമാണ്. നാളെ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. ഒൻപത് ജില്ലകളിൽ നാളെയും ഓറഞ്ച് ജാഗ്രതയാണ്. ചക്രവാതച്ചുഴിയുടെയും പടിഞ്ഞാറൻക്കാറ്റിൻറെയും സ്വാധീനത്താൽ നാളെ മുതൽ തിങ്കളാഴ്ച വരെ അതിതീവ്രമഴയ്ക്കും, ശക്തമായ കാറ്റിനുംസാധ്യതയുണ്ട്. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 17 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. മലയോര- കടൽത്തീര മേഖലയിലേക്കുള്ള വിനോദയാത്രകൾ പരമാവധി ഒഴിവാക്കണമെന്നും നിർദ്ദേശമുണ്ട്. വൃഷ്ടി പ്രദേശത്ത് കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ പാലക്കാട് കാഞ്ഞിരപ്പുഴ ഡാമിന്റെ

ഒരു സ്പിൽവെ ഷട്ടർ അഞ്ച് സെന്റീമീറ്റർ തുറന്നു. നെയ്യാർ ഡാമിൻറെ നാല് ഷട്ടറുകളും 20 സെൻറീമീറ്റർ വീതം ഉയർത്തുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. സമീപ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ജാഗ്രത നിർദ്ദേശം നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ എല്ലാവിധ ഖനന പ്രവർത്തനങ്ങളും നിർത്തിവെക്കാൻ ജില്ല കളക്ടർ ഉത്തരവിട്ടു.

******************

## കണ്ണൂർ-മഴ

അതിതീവ്ര മഴയ്ക്കുള്ള സാധ്യത പരിഗണിച്ച് കണ്ണൂർ ജില്ലയിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ച സാഹചര്യത്തിൽ ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെയും മറ്റന്നാളും അവധി പ്രഖ്യാപിച്ചു. വിദ്യാലയങ്ങൾ, അങ്കണവാടികൾ, മദ്രസകൾ,

RNU TVPM

ട്യൂഷൻ സെന്ററുകൾ
എന്നിവ പ്രവർത്തിപ്പിക്കരുതെന്നും സ്പെഷ്യൽ ക്ലാസുകൾ
പാടില്ലെന്നുമാണ് ജില്ലാ കലക്ടറുടെ നിർദ്ദേശം.

******************

## കാട്ടാന - മരണം

ഇടുക്കിയിൽ കാട്ടാന ആക്രമണത്തിൽ ആദിവാസി സ്ത്രീ മരണമടഞ്ഞു. വനവിഭവങ്ങൾ ശേഖരിക്കാൻ പോയ സീത യാണ് പീരുമേടിന് സമീപം വനത്തിനുള്ളിൽ കൊല്ലപ്പെട്ടത്. സീതയുടെ ഭർത്താവ് ബിനുവിനെയും ഗുരുതര പരിക്കേറ്റ നിലയിൽ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രാവിലെ മറ്റൊരു തോട്ടം തൊഴിലാളിയേയും കാട്ടാന ആക്രമിച്ചിരുന്നു. കാട്ടാന ആക്രമണത്തിനെതിരെ പീരുമേട്ടിൽ പ്രതിഷേധം ശക്തമായി തുടരുകയാണ്.

******************

## ശബരിമല (ഇൻട്രോ)

മിഥുനമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട നാളെ വൈകുന്നേരം അഞ്ചിനു തുറക്കും.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ.

(വോയ്സ്)

******************

## ഡോ. വി. അനന്ത നാഗേശ്വരൻ- രാജ്ഭവൻ

'ആഗോള സാമ്പത്തിക പ്രവണതകൾ: ഇന്ത്യയുടെ വെല്ലുവിളികളും സാധ്യതകളും' എന്ന വിഷയത്തിൽ കേന്ദ്രസർക്കാരിൻറെ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് ഡോ. വി. അനന്ത നാഗേശ്വരൻ രാജ്ഭവനിൽ ചൊവ്വാഴ്ച പ്രഭാഷണം നടത്തും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ചടങ്ങിൽ അധ്യക്ഷത വഹിക്കും.

******************

RNUTVPM

## ജലവിതരണം മുടങ്ങും

അരുവിക്കര ജലശുദ്ധീകരണശാലയിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ ഈ മാസം 19 ന് രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ തിരുവനന്തപുരം നഗരത്തിൻറെ വിവിധ ഭാഗങ്ങളിൽ ജലവിതരണം തടസ്സപ്പെടാൻ സാധ്യത. ഉപഭോക്താക്കൾ വേണ്ട മുൻകരുതൽ സ്വീകരിക്കേണ്ടതാണെന്ന് വാട്ടർ അതോറിറ്റി അറിയിച്ചു.

******************

## പന്തീരാങ്കാവ്

കോഴിക്കോട് പന്തീരാങ്കാവിൽ സ്വകാര്യ ബാങ്ക് ജീവനക്കാരിൽ നിന്നും പണം കവർന്ന കേസിൽ പ്രതി ഷിബിൻ ലാൽ പോലീസ് പിടിയിൽ. 40 ലക്ഷം രൂപയോളമാണ് കവർന്നത്. പാലക്കാട് ജില്ലയിൽ വെച്ചാണ് ഷിബിൻ ലാലിനെ പോലീസ് കസ്റ്റഡിയിൽ എടുത്തത്.

******************

## വ്യാജ ലഹരി കേസ്-ഷീലാ സണ്ണി

ചാലക്കുടിയിലെ ബ്യൂട്ടി പാർലർ ഉടമ ഷീല സണ്ണിയെ വ്യാജ ലഹരി കേസിൽ കുടുക്കിയ ബന്ധു ലിവിയ ജോസ് കസ്റ്റഡിയിൽ. ഷീല സണ്ണിയുടെ മരുമകളുടെ സഹോദരിയായ ലിവിയ ജോസിനെ ദുബായിൽ നിന്ന് മുംബൈയിൽ വിമാനമിറങ്ങിയപ്പോഴാണ് പിടികൂടിയത്. ലിവിയയ്ക്കായി പോലീസ് ലുക്കൗട്ട് നോട്ടീസ് പുറത്തിറക്കിയിരുന്നു.

******************

## ക്രിക്കറ്റ്

ലോർഡ്സിൽ നടക്കുന്ന, ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിന്റെ, മൂന്നാം ദിനത്തിൽ ദക്ഷിണാഫ്രിക്കയുടെ രണ്ടാം ഇന്നിങ്സ് ബാറ്റിങ്ങ് പുരോഗമിക്കുന്നു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഒരു വിക്കറ്റിന് 50 റൺസ് എന്ന നിലയിലാണ് ദക്ഷിണാഫ്രിക്ക. 232 റൺസിന്റെ ലീഡാണ് നിലവിൽ ഓസ്ട്രേലിയയ്ക്കുള്ളത്.

******************

RNUTVPM

## ഓഹരി-സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 573 പോയിന്റ് താഴ്ന്ന് 81,118 ലും, നിഫ്റ്റി 169 പോയിന്റ് നഷ്ടത്തിൽ 24,718 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വിലയിൽ വർദ്ധന. പവന് 1,560 രൂപ ഉയർന്ന് 74,360 രൂപയും ഗ്രാമിന് 195 രൂപ ഉയർന്ന് 9,295 രൂപയുമാണ് ഇന്നത്തെ വില.

******************

***********

*****

RNU TVPM